## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3620** 26.06.2012-ൽ മറുപടിക്ക്.

## കൊച്ചി മെട്രോ പദ്ധതിയിൽ സ്വകാര്യപങ്കാളിത്തം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. ടി.എം . തോമസ് ഐസക്:<br>ശ്രീ. എസ്. ശർമ്മ:<br>ശ്രീ. സാജു പോൾ:<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും<br>വകുപ്പു മന്ത്രി) | |
| (എ) | കൊച്ചി മെട്രോ പദ്ധതിയിൽ സ്വകാര്യ പങ്കാളിത്തം ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ സർക്കാർ നിലപാട് വിശദമാക്കാമോ; | (എ) | ഇല്ല. |
| (ബി) | പദ്ധതി ചെലവ് ഏതെല്ലാം രീതിയിലാണ് സ്വരൂപിക്കാനുദ്ദേശിക്കുന്നത്; മൊത്തം മുതൽ മുടക്ക് കണക്കാക്കിയിട്ടുണ്ടോ; | (ബി) | പദ്ധതി ചെലവ് കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ തുല്യമായ ഓഹരി പങ്കാളിത്ത മായും, ജപ്പാൻ ഇന്റർനാഷണൽ കോർപ്പറേഷൻ ഏജൻസി (JICA) യിൽ നിന്നുള്ള ലോൺ മുഖേനയും സ്വരൂപിക്കാൻ ഉദ്ദേശിക്കുന്നു. മൊത്തം മുതൽ മുടക്ക് 5181.79 കോടി രൂപയാണ് എന്ന് കണക്കാക്കുന്നു. |
| (സി) | കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകളുടെ വിഹിതം എത്ര കോടി വരുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; വിദേശ വായ്പ എത്ര കോടിയാണ്; | (സി) | ഉണ്ട്. കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ ഓഹരി വിഹിതം 753.73 കോടി രൂപ വീതവും വിദേശവായ്പ 2170 കോടി രൂപയുമാണ്. |
| (ഡി) | പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; പ്രാരംഭ പ്രവൃത്തികളിൽ അവശേഷിക്കുന്നവ എന്തൊക്കെയാണ്? | (ഡി) | പദ്ധതിക്ക് ആവശ്യമായ ഭൂമി ഏറ്റെടുത്തു വരുന്നു. പ്രാരംഭ പ്രവൃത്തികൾ നടന്നു കൊണ്ടിരിക്കുന്നു. ഇവ താഴെ |

| | | | |
|---|---|---|---|
| | | | പറയുന്നവയാണ്.<br>നോർത്ത് മേൽപ്പാലത്തിന്റെ പുനർ നിർമ്മാണം, സലിംരാജൻ - കെ.എസ്.ആർ.ടി.സി മേൽപ്പാലത്തിന്റെ നിർമ്മാണം, എം.ജി റോഡ്, ബാനർജി റോഡ്, സൗത്ത് റെയിൽവേ സ്റ്റേഷൻ റോഡുകളുടെ വീതികൂട്ടൽ. |

സെക്ഷൻ ഓഫീസർ